**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5555** **13-08-2021 - ൽ മറുപടിയ്ക്ക്**

**മംഗലശ്ശേരി തോട്ടം നിവാസികൾക്ക് ഭൂമി പതിച്ചു നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിലെ താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് കൈവശഭൂമി പതിച്ച് നൽകുന്നതിനുള്ള വനം വകുപ്പ് നടപടികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റെയിഞ്ചിൽപ്പെട്ട കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജ് ചേന്ദമംഗലൂർ അംശം ദേശത്തിലെ സർവ്വെ നമ്പർ 91-ൽപ്പെട്ട 18.12 ഏക്കറും റീസർവ്വെ 99-ലെ 7.72 ഏക്കർ ഭൂമിയും (ആകെ 25.84) 1917-ലെ 1163-ാം നമ്പർ ആധാര പ്രകാരം തൃക്കളയൂർ ദേവസ്വത്തിൽ നിന്ന് സർക്കാർ വാങ്ങിച്ച് 1982-ലെ മദ്രാസ് ഫോറസ്റ്റ് ആക്ട് പ്രകാരം റിസർവ്വ് വനമായി വിജ്ഞാപനം ചെയ്ത് 07.09.1926-ലെ സെന്റ് ജോർജ്ജ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഭൂമിയാണ്. 1972-ലെ വെസ്റ്റിംഗ് ആൻറ് അസൈൻറ്മെന്റ് ആക്ട് പ്രകാരം ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകിയപ്പോൾ സ്വകാര്യവനങ്ങൾ പിടിച്ചെടുത്ത വയുടെ കൂടെ സർക്കാർ വർഷങ്ങൾക്കുമുമ്പ് വിജ്ഞാപനം ചെയ്തിരുന്ന മംഗലശ്ശേരി തോട്ടം വനഭാഗവും 1981-ൽ പതിച്ച് കൊടുക്കുക യായിരുന്നു. ഇവിടെ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റിസർവ്വ് വനവും പതിച്ചുകൊടുത്തു. മാത്രമല്ല ഇത് 1981-ലാണ് നൽകപ്പെട്ടുന്നത്. 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരം ഏത് തരത്തിൽപ്പെട്ട വനഭൂമിയും വനേതര ഉപയോഗത്തിനായി തരം മാറ്റാൻ കേന്ദ്ര സർക്കാർ അനുമതി വാങ്ങിക്കേണ്ട ഉണ്ടായിരുന്നു. ആയതിനാൽ റവന്യൂ വകുപ്പ് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ നിബന്ധനകൾ അനുസരിച്ച് വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ അനുവാദ ത്തിനായി അപേക്ഷിക്കേണ്ടതുണ്ട്. |
| (ബി) | സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതിലെ പ്രധാനപ്പെട്ട സാങ്കേതിക തടസ്സം, 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരം ഫോറസ്റ്റ് ഡൈവേർഷനുവേണ്ടി അപേക്ഷിക്കേണ്ടതുണ്ട് എന്നതാണ്. ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ യോഗങ്ങൾ കൂടിയിട്ടുണ്ട്. അതുപ്രകാരം |

| | | | |
|---|---|---|---|
| | | | റവന്യൂവകുപ്പ് അപേക്ഷ നൽകുന്നതിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത ഭൂമി എപ്പോൾ റവന്യൂ വകുപ്പിന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ നിയമപ്രകാരം റവന്യൂ വകുപ്പ് കേന്ദ്രസർക്കാരിൽ അപേക്ഷ നൽകി തീരുമാനം ആകുന്ന മുറയ്ക്ക് മാത്രമെ ഈ ഭൂമി സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ